എൻ്റെ ഉമ്മത്തിൻ്റെ അവസാനകാലക്കാരിൽ ഒരു
കൂട്ടരുണ്ടാകും; നിങ്ങളോ നിങ്ങളുടെ പിതാക്കളോ
കേട്ടിട്ടില്ലാത്ത കാര്യങ്ങൾ അവർ നിങ്ങളോട്
പറയുന്നതാണ്. നിങ്ങൾ അവരെ സൂക്ഷിച്ചു കൊള്ളുക!
ُه عَنُْه- റൈറുഹ ൂഅബ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറഞ്ഞു: "എൻ്റെ ഉമ്മത്തിൻ്റെ
അവസാനകാലക്കാരിൽ ഒരു കൂട്ടരുണ്ടാകും; നിങ്ങളോ നിങ്ങളുടെ പിതാക്കളോ
കേട്ടിട്ടില്ലാത്ത കാര്യങ്ങൾ അവർ നിങ്ങളോട് പറയുന്നതാണ്. നിങ്ങൾ അവരെ സൂക്ഷിച്ചു
കൊള്ളുക!"
[صحيح] [رواه مسلم]
നബി -صلى الله عليه وسلم- യുടെ ഉമ്മത്തിൽ (മുസ്ലിംകൾക്കിടയിൽ) അവസാനകാലത്ത് കള്ളം കെട്ടിച്ചമക്കുന്ന
ചിലർ പ്രത്യക്ഷപ്പെടുന്നതാണ് എന്ന് നബി -صلى الله عليه وسلم- അറിയിക്കുന്നു. അവർക്ക് മുൻപ് ഒരാളും
പറയാത്ത കാര്യങ്ങൾ ഇക്കൂട്ടർ പറയും. കള്ളഹദീഥുകളും കെട്ടിച്ചമച്ച കാര്യങ്ങളും അവർ
ജനങ്ങളോട് പറയും. അതിനാൽ അവരിൽ നിന്ന് അകലം പാലിക്കാനും, അവരോടൊപ്പം
കൂടിയിരിക്കാതിരിക്കാനും, അവരുടെ സംസാരങ്ങൾ കേൾക്കാതിരിക്കാനും നബി -صلى الله عليه وسلم- നമ്മോട്
കൽപ്പിക്കുന്നു. ചിലപ്പോൾ അവരുടെ കള്ളത്തരങ്ങൾ മനസ്സുകളിൽ കയറിപ്പറ്റുകയും, അത്
മൂലമുണ്ടാകുന്ന പ്രശ്നങ്ങളിൽ നിന്ന് രക്ഷപ്പെടാൻ നമുക്ക് സാധിക്കാതെ വരികയും
ചെയ്തേക്കാം.
https://sunnah.global/hadeeth/ml/show/65076